# നീര വിൽപ്പന ആരംഭിച്ചു

**കൊച്ചി:** കൊച്ചിയുടെ നഗരഹൃദയത്തിൽ സൗത്ത് ജംഗ്ഷനുസമീപം പ്രവർത്തിക്കുന്ന നാളികേര വികസന ബോർഡിന്റെ ഓഫീസിലെ 'പാംഗേറ്റ്' സ്റ്റാളിൽ നീര വിൽപ്പന ആരംഭിച്ചു. കൊല്ലം കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡിന്റെ ശീതീകരിച്ച 200 മില്ലി നീര പെറ്റ് ബോട്ടിലിന് 30 രൂപയാണ് വില. ബോർഡിന്റെ ധനസഹായത്തോടെ നീരയുത്പാദനത്തിലും സാങ്കേതികവിദ്യ വികസനത്തിലും ഗവേഷണം നടത്തുന്ന കളമശ്ശേരി എസ്സിഎംഎസിന്റെ സാങ്കേതിക വിദ്യയുപയോഗിച്ചാണ് കൈപ്പുഴ പ്രൊഡ്യൂസർ കമ്പനി നീരശേഖരണവും സംസ്കരണവും നടത്തുന്നത്. നാളികേര ബോർഡ്- നാഫെഡ് സംയുക്ത സംരംഭമായ പാംഗേറ്റിൽ നീരകൂടാതെ വിവിധ കമ്പനികളുടെ വെളിച്ചെണ്ണ, വെന്ത വെളിച്ചെണ്ണ, കോക്കനട്ട് മിൽക്ക് പൗഡർ, കോക്കനട്ട് ലെയിസ്, ഇളനീർ, വെർജിൻ പ്ലസ് മൗത്ത് റിഫ്രഷ്നർ, ഹെയർ ക്രീം, ഹെർബൽ ഹെയർ ഓയിൽ തുടങ്ങിയ നിലവാരമേറിയ നാളികേര ഉൽപ്പന്നങ്ങൾ വിപണിയിലെ വിലയേക്കാൾ കുറഞ്ഞവിലയ്ക്ക് ഇവിടെനിന്ന് ലഭിക്കും.